## വിവരവും പൊതുജന സമ്പർക്കവും

കോട്ടയം ജില്ലയിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ മേഖലാ കേന്ദ്രം ആരംഭിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ചിട്ടുള്ള ഈ കേന്ദ്രത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

തിരുവനന്തപുരം വഴുതക്കാട്ടുള്ള ടാഗോർ തീയേറ്റർ ആധുനിക സൗകര്യങ്ങളോടെ നവീകരിച്ച് വിവിധോദ്ദേശ്യ സാംസ്കാരിക കേന്ദ്രമായി ഉയർത്തുന്നതാണ്. ഇതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഈ വർഷം ഇതിനായി 7.5 കോടി രൂപ വകയിരുത്തുന്നു.

ഒന്നര നൂറ്റാണ്ടുകാലത്തെ മലയാള മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രം സംരക്ഷിക്കുന്നതിന് കേരള പ്രസ്സ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന മ്യൂസിയത്തിന് ധനസഹായമായി രണ്ടു ലക്ഷം രൂപയും പത്രപ്രവർത്തക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കൺസ്യൂമർ സ്റ്റോറിന് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒറ്റത്തവണ ധനസഹായമായി 25 ലക്ഷം രൂപയും അനുവദിക്കുന്നു. കോട്ടയം ജേർണലിസ്റ്റ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒറ്റത്തവണ ധനസഹായമായി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. പത്രപ്രവർത്തകർക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന ഭവന സബ്സിഡി ദൃശ്യമാധ്യമ പ്രവർത്തകർക്കുകൂടി വ്യാപിപ്പിക്കുന്നതാണ്.

ഭാരതസംസ്കാരത്തിന് ഗണ്യമായ സംഭാവന നല്കിയ മഹത് വ്യക്തിയാണ് സ്വാമി വിവേകാനന്ദൻ. സ്വാമിജിയുടെ 150-ാം ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണ്. ഇതോടൊപ്പം, രവീന്ദ്രനാഥ ടാഗോറിന്റെ സ്മരണയ്ക്കായി രവീന്ദ്രോത്സവും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. രണ്ട് പദ്ധതികൾക്കുമായി 2 കോടി രൂപ വകയിരുത്തുന്നു.

## തൊഴിലും പുനരധിവാസവും

ക്ഷേമാധിഷ്ഠിതവും വികസനോന്മുഖവുമായ ഒരു തൊഴിൽ സമൂഹത്തെ വാർത്തെടുക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലെയും തൊഴിലാളികളുടെ ക്ഷേമത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം വിവിധ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കും. ഇപ്രകാരം കൂലി ഏകീകരിക്കുന്നത് മുഖേന തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പാക്കുന്നതിനും ഈ മേഖലയിലുണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ നല്ലൊരളവ് വരെ ഒഴിവാക്കുന്നതിനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പുവരുത്തുന്നതിന് അത് ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ഇതിലൂടെ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ കഴിയും.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള താമസ സൗകര്യം തൊഴിലുടമകളുടെ സഹകരണത്തോടുകൂടി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിന്റെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

അസംഘടിത തൊഴിലാളികൾക്കായി കേന്ദ്രസർക്കാരും സംസ്ഥാന ക്ഷേമ ബോർഡുമായി ചേർന്ന് 'ജനശ്രീ ഭീമ യോജന' പദ്ധതി നടപ്പിലാക്കും.

അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്ത് എത്തുന്ന തൊഴിലാളികൾക്ക് സ്വകാര്യ-സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ പാർപ്പിട സൗകര്യം ഏർപ്പെടുത്തും. ഇതിനായി 50 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു.

സ്വകാര്യ ആശുപത്രി മേഖലയിൽ തൊഴിലുടമ, തൊഴിലാളി, സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ട ഒരു ത്രികക്ഷി വ്യവസായ ബന്ധസമിതി രൂപീകരിക്കും. തിരുവനന്തപുരം, എറണാകുളം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കി മാറ്റുന്നതാണ്.

പരമ്പരാഗത മേഖലകൾ മുതൽ സാങ്കേതിക മേഖലകൾ വരെയുള്ള വ്യത്യസ്ത മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി 'കേരളാ അക്കാഡമി ഫോർ സ്കിൽ എക്സലൻസ്' എന്ന സ്ഥാപനം ആരംഭിക്കും.

വനിതകൾക്ക് സ്വയംപര്യാപ്തത നേടുന്നതിനും കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് കോട്ടയം, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ നാലു ജില്ലകളിൽ വനിതകൾക്കായി ഓരോ ഐ.ടി.ഐ. ആരംഭിക്കും. ഇതിനായി 250 ലക്ഷം രൂപ വകയിരുത്തുന്നു.

തൊഴിൽജന്യ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി കൊല്ലം ജില്ലയിൽ ഒരു Occupational Health Centre ആരംഭിക്കുന്നതാണ്. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തുന്നു. ഉത്തരമേഖലയിലുള്ള തൊഴിലാളികളുടെയും ഇ.എസ്.ഐ. ഗുണഭോക്താക്കളുടെയും മെച്ചപ്പെട്ട ചികിത്സാ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഫെറോക്കിലെ ഇ.എസ്.ഐ. ആശുപത്രിയെ മോഡൽ ആശുപത്രിയായി ഉയർത്തും. പാലായിലും നെടുമങ്ങാട്ടും എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly